കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം- മാവേലിക്കര നിയോജകമണ്ഡലം-വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിൽ കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ജി.എച്ച്.എസ്.എസിന് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2526/19/തസ്വഭവ തിരുവനന്തപുരം, തീയതി : 11/11/2019

പരാമർശം- 1. 11/06/2012 ലെ സർക്കാർ ഉത്തരവ് (പി). 332/12/ധന.

2. 29.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) നം.912/2016/തസ്വഭവ

3. ബഹു. മാവേലിക്കര എം.എൽ.എ യുടെ 10.06.2019 ലെ കത്ത്

4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.10.2019 ലെ കത്ത് നം.ഡിബി2/3826/2014/സിഇ/തസ്വഭവ

## ഉത്തരവ്

ബഹു.മാവേലിക്കര എം.എൽ.എ യുടെ 2015-16 ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിൽ കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ജി.എച്ച്.എസ്.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപയുടെ ഭരണാനുമതി പരാമർശം (2) ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ ടി ഭരണാനുമതി 165 ലക്ഷമാക്കി പുതുക്കി നല്കുന്നതിന് പരാമർശം (3) ലെ കത്ത് പ്രകാരം ബഹു.എം.എൽ.എ സർക്കാരിനോടഭ്യർത്ഥിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ പുതുക്കിയ ഡിപിആർ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. വള്ളിക്കുന്നം ഗ്രാമ പഞ്ചായത്തിൽ കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ജി.എച്ച്.എസ്.എസിന് പുതിയ കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയ്ക്ക്, 1 കോടി രൂപ ബഹു.എം.എൽ.എ യുടെ 2015-16 ലെ ആസ്തി വികസന നിധിയിൽ നിന്നും ശേഷിക്കുന്ന 65 ലക്ഷം രൂപ 2018-19 ലെ ആസ്തി വികസന നിധിയിൽ നിന്നും വഹിക്കണമെന്ന നിബന്ധനയോടെ 1.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കികൊണ്ട് ഉത്തരവാകുന്നു.

3) വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പരാമർശം (1) ലെ സർക്കാർ ഉത്തരവും പാലിക്കേണ്ടതാണ്. ആയത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.

എ.ഡി. എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

**പകർപ്പ്:**

ശ്രീ. ആർ രാജേഷ് എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി , വള്ളിക്കുന്നം ഗ്രാമപ്പഞ്ചായത്ത്
ധനകാര്യ (നോഡൽ സെന്റർ- ബി) വകുപ്പ് (03.07.2019 ലെ 185664/എൻ.സി-ബി2/2016/ധന പ്രകാരം)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ